LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിഷപാമ്പ് കടിയേറ്റാൽ നൽകേണ്ട ആന്റിവെനം ചികിത്സ നൽകുന്ന 10 ആശുപത്രികൾ തിരുവനന്തപുരം ജില്ലയിലുണ്ട്. ആശുപത്രികളുടെ പട്ടിക താഴെ കൊടുക്കുന്നു:

1.	ജനറൽ ആശുപത്രി	തിരുവനന്തപുരം
2.	ജനറൽ ആശുപത്രി	നെയ്യാറ്റിൻകര
3.	ജില്ലാ ആശുപത്രി	പേരൂർക്കട
4.	ജില്ലാ ആശുപത്രി	നെടുമങ്ങാട്
5.	താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ	ചിറയിൻകീഴ്
6.	താലൂക്ക് ആശുപത്രി	ഫോർട്ട്
7.	താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ	പാറശ്ശാല
8.	താലൂക്ക് ആശുപത്രി	വർക്കല
9.	താലൂക്ക് ആശുപത്രി	നേമം
10.	താലൂക്ക് ആശുപത്രി	ആറ്റിങ്ങൽ

(ബി) പ്രസ്തുത ആന്റിവെനം എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്കെല്ലാം സൗജന്യമായാണ് നൽകുന്നത്.

ചേർത്തല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

52 (4335) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ആശുപത്രി അധികാരികളിൽനിന്നും പ്രൊപ്പോസലും വിശദമായ റിപ്പോർട്ടും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എന്നാണ് ഈ റിപ്പോർട്ട് ലഭിച്ചതെന്ന് പറയാമോ ;

(ബി) ചേർത്തല ആശുപത്രിയിൽ നിന്നും റിപ്പോർട്ടും പ്രൊപ്പോസലും ലഭിച്ചെങ്കിൽ പ്രസ്തുത ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ് ; ചേർത്തല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചേർത്തല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ 23-7-2014-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല. സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. 5-2-2013-ലെ ജി.ഒ. (ആർ.ടി.)നമ്പർ 114/13/ടി.ഡി. എന്ന ഉത്തരവ് പ്രകാരം കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 27 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിരുന്നു. ആയതിൽ ചേർത്തല താലൂക്ക് ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ക്യാൻസർ രോഗബാധിതരുടെ എണ്ണം

53 (4336) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാൻസർ രോഗം വ്യാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) പ്രസ്തുത ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കാൻസർ ബാധിതരുടെ എണ്ണം കൂടുതൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) കാൻസർ രോഗബാധിതരുടെ ചികിത്സക്കായി നിലവിൽ ജില്ലയിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) മണ്ണാർക്കാട് പഞ്ചായത്തിൽനിന്നുമാണ് കൂടുതൽ രോഗികൾ എത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly